## പതിമൂന്നാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5075 — 01/07/2013 –ൽ മറുപടിക്ക്

### ജാഗരൺഭാരത് ക്യാമ്പ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ. എ. അസീസ് | കുമാരി. പി.കെ. ജയലക്ഷ്മി<br>(ബഹു: പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് ജാഗരൺ ഭാരത് എന്ന പേരിൽ ദേശീയോദ്ഗ്രഥന ക്യാമ്പ് നടത്തിയത് ആരുടെയൊക്കെ സഹകരണത്തോടെയാണ്; | (എ) സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ വർക്കല മുൻസിപ്പാലിറ്റിയുടേയും വിതുര ഗ്രാമപഞ്ചായത്തിന്റേയും സഹകരണത്തോടെയാണ് ക്യാമ്പ് സംഘടിപ്പിച്ചത്. |
| (ബി) ഇതിനായി ആകെ എന്തുതുക ചെലവഴിച്ചു; തുക കണ്ടെത്തിയതെങ്ങനെയെന്ന് വിശദമാക്കുമോ; | (ബി) അഞ്ചു ദിവസം നീണ്ടുനിന്ന ജാഗരൺ ഭാരത് ക്യാമ്പിനായി 26,40,173/- രൂപ ചെലവഴിച്ചു. കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡിന്റെ പ്ലാൻ ഫണ്ടിൽ നിന്നുമാണ് പ്രസ്തുത തുക കണ്ടെത്തിയിട്ടുള്ളത്. |
| (സി) ഏതൊക്കെ സംസ്ഥാനങ്ങളിൽ നിന്ന് എത്രപേർ ഈ പരിപാടിയിൽ പങ്കെടുത്തുഎന്ന് വ്യക്തമാക്കുമോ? | (സി) പഞ്ചാബ്, ആന്ധ്രാപ്രദേശ്, ഹിമാചൽപ്രദേശ്, മഹാരാഷ്ട്ര, പശ്ചിമ ബംഗാൾ, മിസോറാം, രാജസ്ഥാൻ, ഉത്തരാഖണ്ഡ്, കർണ്ണാടകം, മേഘാലയ, ഒറിസ്സ, ഗോവ, മധ്യപ്രദേശ്, ഹരിയാന, അസ്സാം, ജമ്മു കാശ്മീർ, കേരളം എന്നീ 17 സംസ്ഥാനങ്ങളിൽ നിന്നായി 350ഓളം പ്രതിനിധികൾ ക്യാമ്പിൽ പങ്കെടുത്തു. |

സെക്ഷൻ ഓഫീസർ